## പതിമൂന്നാം കേരള നിയമസഭ

### പത്താം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ : **315** 30.01.2014-ൽ മറുപടിക്ക്

### സേവനാവകാശനിയമം കാര്യക്ഷമമായി നടപ്പിലാക്കുന്നതിനുള്ള നടപടികൾ

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ. ജി.എസ്.ജയലാൽ**<br>**ശ്രീ.വി.എസ്.സുനിൽകുമാർ**<br>**ശ്രീമതി.ഗീതാ ഗോപി**<br>**ശ്രീമതി.ഇ.എസ്.ബിജിമോൾ** | **ശ്രീ. ഉമ്മൻചാണ്ടി**<br>**മുഖ്യമന്ത്രി** |
| (എ) സംസ്ഥാനത്ത് സേവനാവകാശനിയമം പ്രഖ്യാപിച്ചതെന്നാണ് ; | (എ) കേരള സംസ്ഥാന സേവനാവകാശ നിയമം 2012 നവംബർ 1-ാം തീയതി മുതൽ നിലവിൽ വന്നിട്ടുണ്ട്. |
| (ബി) ഏതെല്ലാം സേവനങ്ങളാണ് ജനങ്ങൾക്ക് നൽകുന്നതെന്ന് വ്യക്തമാക്കി എല്ലാ വകുപ്പുകളും വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ടോ ; | (ബി) കേരള സംസ്ഥാന സേവനാവകാശ നിയമം 2012, 2(ജി) വകുപ്പിന്റെ പരിധിയിൽപ്പെടുന്ന പൊതുജനങ്ങൾക്ക് നൽകുന്നതായ സേവനങ്ങളാണ് 3-ാം വകുപ്പ് പ്രകാരം ഗസറ്റിൽ വിജ്ഞാപനം ചെയ്യേണ്ടത്. അപ്രകാരം സേവനങ്ങൾ ഉള്ള 102 വകുപ്പുകൾ/സ്ഥാപനങ്ങൾ ഗസറ്റ് വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. |
| (സി) സേവനാവകാശനിയമം അനുസരിച്ചുള്ള സേവനങ്ങൾ ഇനിയും ജനങ്ങൾക്ക് ലഭ്യമായിട്ടില്ലെന്ന പരാതികൾ പരിഹരിക്കുന്നതിന് എന്ത് നടപടിയാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ ? | (സി) സേവനാവകാശ നിയമം അനുസരിച്ച് പ്രത്യേക സേവനങ്ങൾ ജനങ്ങൾക്ക് നൽകുകയല്ല, മറിച്ച് സേവനാവകാശ നിയമം, 2012, 2(ജി) വകുപ്പിന്റെ പരിധിയിൽപ്പെടുന്ന, പൊതുജനങ്ങൾക്ക് നൽകുന്ന സേവനങ്ങൾ ടി നിയമത്തിന്റെ 3-ാം വകുപ്പ് പ്രകാരം സമയപരിധി, |

നിയുക്ത ഉദ്യോഗസ്ഥർ, ഒന്നും രണ്ടും അപ്പീൽ അധികാരികൾ എന്നിവ നിശ്ചയിച്ച് ഗസറ്റ് വിജ്ഞാപനം പുറപ്പെടുവിക്കുകയും ഈ വിവരങ്ങൾ ചട്ടം 6 പ്രകാരം നോട്ടീസ് ബോർഡിൽ പ്രസിദ്ധീകരിക്കുകയും ചെയ്യേണ്ടതുണ്ട്. ഇത് കർശനമായി പാലിക്കാനും വീഴ്ചകൾ ഗൗരവമായി കാണുമെന്നും ചീഫ് സെക്രട്ടറി തലത്തിൽ സർക്കുലർ നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. ഇക്കാര്യങ്ങൾ കർശനമായി പാലിക്കുന്നുണ്ടോ എന്നുള്ളത് ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പ് പരിശോധിക്കുന്നുണ്ട്.

സെക്ഷൻ ഓഫീസർ.